I ഇ.ബി. XIII – കേരള നിയമസഭ/VII - 10

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

**2013 ഫെബ്രുവരി 15, വെള്ളിയാഴ്ച**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

**ശ്രദ്ധക്ഷണിക്കൽ**

(1) **വയനാട്ടിലെ കർഷകരുടെ പട്ടയ പ്രശ്നങ്ങൾ**

ശ്രീ. എം.വി. ശ്രേയാംസ്കുമാർ : 1977-ന് മുമ്പ് ഭൂമി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന വയനാട് ജില്ലയിലെ കർഷകർക്ക് കൈവശരേഖ ഉണ്ടായിരുന്നിട്ടും നികുതി അടച്ചിട്ടും 5 മുതൽ 15 സെന്റ് വരെ ഭൂമിയുള്ള വർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കാത്ത സ്ഥിതിയാണ്. 2010-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 1977-ന് മുമ്പ് വന ഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും ഇതുസംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന്

ട്രൈബ്യൂണലിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കടച്ചിക്കുന്ന്, നീലിമല, കുന്നത്തുകാവ് എന്നീ പ്രദേശങ്ങളിലെ സംയുക്ത പരിശോധന പൂർത്തീകരിച്ച് വനം വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും തുടർനടപടി സ്വീകരിക്കാത്തതിനാൽ മറ്റ് പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടത്താൻ സാധിക്കുന്നില്ല. വൈത്തിരി താലൂക്കിലെ അർഹതപ്പെട്ട എല്ലാ കർഷകർക്കും കൈവശാവകാശ രേഖ ലഭ്യമാക്കുന്നതിനും സംയുക്ത പരിശോധന സമയബന്ധിതമായി പൂർത്തിയാക്കാനുമുള്ള നടപടി സ്വീകരിക്കണം. 2000-ന് ശേഷമുള്ള ജോയിന്റ് വെരിഫിക്കേഷൻ അംഗീകരിക്കാൻ സാധിക്കില്ലെന്ന റിപ്പോർട്ടിന്മേൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ വനം-റവന്യു വകുപ്പുമന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് ഈ പ്രശ്നം പരിഹരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വയനാട് ജില്ലയിലെ കോട്ടപ്പടി, വെള്ളരിമല, തൃക്കൈപ്പറ്റ, മുപ്പൈനാട്, കുന്നത്തുകാവ് വില്ലേജുകളിലെ കർഷകരുടെ ഭൂനികുതി സ്വീകരിക്കുന്നതിനും കൈവശരേഖ നൽകുന്നതിനുമായി റവന്യു, സർവ്വേ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തണമെന്ന 2010-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃക്കൈപ്പറ്റ വില്ലേജിലെ ജയ്ഹിന്ദ് കോളനിയിലെ 99-ഉം മുപ്പൈനാട് വില്ലേജിലെ കടച്ചിക്കുന്ന് പ്രദേശത്തെ 402 അപേക്ഷകളിന്മേലും വനം-റവന്യു വകുപ്പുകൾ പൂർത്തിയാക്കിയ സംയുക്ത പരിശോധനാ നടപടികൾക്ക് വനം വകുപ്പ് അധികൃതരുടെ അംഗീകാരം ലഭിക്കാനുണ്ട്. സംയുക്ത പരിശോധന സംബന്ധിച്ച് വനം വകുപ്പ് ഉന്നയിച്ചിട്ടുള്ള തടസ്സം

നീക്കി പരിശോധന പൂർത്തീകരിച്ച് കൈവശാവകാശ രേഖ നൽകുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്. 2000-ന് മുമ്പ് സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ 477 അപേക്ഷകരുടെ ഭൂമി സംബന്ധിച്ച് ഫോറം 'എ' തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വനം-റവന്യു വകുപ്പുകളുടെ സംയുക്തയോഗം കൂടുന്നതും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

### (2) കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി

ശ്രീ. വി.എസ്. സുനിൽ കുമാർ : കേരളത്തിലെ തണ്ണീർത്തടങ്ങളും കായലോരങ്ങളും സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ ലംഘിച്ച് വൻകിട റിസോർട്ട് ഉടമകളും ഭൂമാഫിയകളും തണ്ണീർത്തടങ്ങൾ നികത്തുകയും കായലോരങ്ങളും കടലോരങ്ങളും അനധികൃതമായി കയ്യേറ്റം ചെയ്യുകയും ചെയ്യുന്ന പ്രവണത സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അനധികൃത കയ്യേറ്റങ്ങൾ നടത്തുന്നവർക്കെതിരെയും പാരിസ്ഥിതിക പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളും തോടുകളും കായലോരങ്ങളും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താതെ ഭൂമാഫിയകൾക്ക് അനുകൂലമായ കോടതി വിധി ഉണ്ടാകത്തക്കവിധത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെയും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള കയ്യേറ്റങ്ങളും ഭൂമിയുടെ പരിവർത്തനവും ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃത പരിവർത്തനം തടയുന്നതിനായി ജില്ലകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീക

രിക്കുകയും റവന്യൂ-പോലീസ് വകുപ്പുകൾ സംയുക്ത പരിശോധന നടത്തുകയും നിയമപാലനം നിരീക്ഷിക്കുന്നതിനായി ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും പ്രാദേശികതല സമിതികളും ജില്ലാതല സമിതികളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമവ്യവസ്ഥ ലംഘിക്കുന്ന നടപടികൾ ആർ.ഡി.ഒ. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കൃഷി ഓഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള തീരദേശ പരിപാലന അതോറിറ്റി നിയമത്തിന് വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നുണ്ട്. നിയമലംഘനത്തിനെതിരെ ഇ.പി. ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പുതിയ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ കേരള തീരദേശ അതോറിറ്റി പരിശോധിക്കുന്നതുമാണ്.

**പ്രത്യേക പരാമർശം**

**വനിതാ എം.എൽ.എ.-മാരെ ആക്രമിച്ച പോലീസുകാർക്കെതിരെ നടപടി**

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വനിതാ എം.എൽ.എ.-മാരായ ശ്രീമതി ഗീതാ ഗോപി, ശ്രീമതി ഇ.എസ്. ബിജിമോൾ എന്നിവരെ പോലീസ് ആക്രമിച്ച വിഷയത്തിന്മേൽ ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനമനുസരിച്ച തീരുമാനം നിയമസഭയിൽ വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സംഭവത്തിൽ കുറ്റക്കാർ ആരാണെന്ന് വ്യക്തമാക്കാൻ എം.എൽ.എ. മാർക്ക് കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല വിഷ്വൽസിൽനിന്നും

മനസ്സിലാക്കാൻ സാധിക്കുന്നുമില്ല. ശ്രീമതി ഗീതാ ഗോപി, എം.എൽ.എ. യുടെ മൊഴിയിലും ആളിന്റെ പേര് പറയുന്നില്ല. ഇതുസംബന്ധിച്ച് പോലീസ് ഡിപ്പാർട്ട്മെന്റൽ എൻക്വയറീസ് പണിഷ്മെന്റ് ആന്റ് അപ്പീൽ റൂൾസ് പ്രകാരം വാചകീയ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഇക്കാര്യത്തിൽ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഉടനെ നടപടിയെടുക്കുമെന്ന് പ്രഖ്യാപിച്ചതുകൊണ്ടാണ് ആറ് വനിത എം.എൽ.എ. മാർ സത്യാഗ്രഹം ഇരിക്കുമെന്ന നിലപാട് ഉപേക്ഷിച്ചത്. യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കിയിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അത് സഭയിൽ വ്യക്തമാക്കാൻ തയ്യാറാകണം.

(ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംഭവം നടന്ന് 10 ദിവസം കഴിഞ്ഞിട്ടും എം.എൽ.എ.മാരെ മർദ്ദിച്ച പോലീസുകാരെ മനസ്സിലാക്കിയിട്ടില്ലെന്നത് പരിഹാസ്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീമതി ഗീതാഗോപി എം.എൽ.എ.യുടെ മൊഴിയിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേര് പരാമർശിച്ചിട്ടില്ല. വീഡിയോയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മനസ്സിലാക്കാൻ സാധിച്ചിട്ടുമില്ല. അതുകൊണ്ട് എൻക്വയറിക്ക് നടപടി എടുത്തിരിക്കുകയാണ്.

<u>മി. സ്പീക്കർ:</u> നടപടി എടുക്കുന്നതിന് ആധാരമായിട്ടുള്ള നടപടിക്രമങ്ങളിലേയ്ക്ക് കടന്നിട്ടുണ്ടെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> സർക്കാരിന്റെ കാര്യങ്ങളിൽ ഇടപെടണമെന്ന് ആഗ്രഹിക്കുന്നില്ല. സ്പീക്കറേയും സഭയേയും അവഹേളിക്കാൻ ഒരു മന്ത്രി തയ്യാറായാൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണം. എത്രനാൾ ആക്ഷനുവേണ്ടി കാത്തിരിക്കണമെന്ന് വ്യക്തമാക്കണം.

<u>മി. സ്പീക്കർ:</u> പ്രതിപക്ഷ നേതാവിന്റെ ന്യായമായ ചോദ്യത്തെപ്പറ്റി മന്ത്രി വ്യക്തമാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സാമാന്യനീതിയാണ് സർക്കാർ ആഗ്രഹിക്കുന്നത്. പ്രതിപക്ഷം ആവശ്യപ്പെട്ട പ്രകാരം നടപടിയെടുക്കാനുള്ള പ്രോസസ്സിൽ നിൽക്കുകയാണ്. ഒന്നുകിൽ ശ്രീമതി ഗീതാ ഗോപി എം.എൽ.എ. യുടെ മൊഴിയിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേര് പരാമർശിക്കണം അല്ലെങ്കിൽ വേറെ രൂപത്തിൽ എന്തെങ്കിലും തെളിവ് സർക്കാരിന് ലഭിക്കണം. ശ്രീമതി ഗീതാ ഗോപി എം.എൽ.എ. യ്ക്കുണ്ടായ വിഷമം പോലീസുകാർ സംസാരിച്ചതിലാണെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു നടപടി എടുത്തിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കാതെ ഒന്നും ചെയ്യാൻ സാധ്യമല്ല.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിന് ചുറ്റുമിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനുകൾ റദ്ദ് ചെയ്യുകയും സബ്മിഷനുകളുടെ മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ എം.എൽ.എ.മാർക്ക് എത്തിക്കണമെന്ന് നിർദ്ദേ

ശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടക്കുകയും ചെയ്തു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

I. 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ, 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

II. 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച I -ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

III. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

IV. 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

V. 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബില്ലിനെ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

(കുടിയേറ്റ തൊഴിലാളികളെക്കുറിച്ച് സംസ്ഥാന തൊഴിൽ വകുപ്പ് തയ്യാറാക്കിയ പഠന റിപ്പോർട്ട് സംബന്ധിച്ച പ്രസ്താവന തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ സഭയിൽ സമർപ്പിച്ചു.)

(അനൗദ്യോഗികാംഗങ്ങളുടെ കാര്യം പരിഗണനയ്ക്കെടുത്തില്ല..)

(സഭ രാവിലെ 10.14-ന് പിരിഞ്ഞു.)